"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിത ശിശു വികസന വകുപ്പ് - 2025 ലെ വനിതാരത്ന പുരസ്കാര വിതരണത്തിനായി 7,50,000/-രൂപ നടപ്പ് സാമ്പത്തിക വർഷത്തിലെ **2235-02-103-68-03 (P)** ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന (സി) വകുപ്പ്**

സ.ഉ.(സാധാ) നം.251/2026/WCDD തീയതി,തിരുവനന്തപുരം, 28-07-2026

---

പരാമർശം:-
1. സ.ഉ (സാധാ) 570/2013 തീയതി 13.11.2013
2. സ.ഉ (സാധാ) 174/2024 തീയതി 22.05.2024
3. സ.ഉ (സാധാ) 436/2025/WCDD തീയതി 22.10.2025
4. സ.ഉ (സാധാ) 147/2026/WCDD dated 13.03.2026
5. വനിത ശിശു വികസന ഡയറക്ടറുടെ 15.05.2026 തീയതിയിലെ DWCD/3986/2025-WEC1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

വിവിധ മേഖലകളിൽ പ്രാവീണ്യം തെളിയിച്ചിട്ടുള്ള വനിതകളെ ആദരിക്കുന്നതിനായി വനിതാരത്ന പുരസ്കാരം നൽകുന്നതിന് പരാമർശം (1) പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. സാമൂഹ്യസേവനം, കായികം, പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് ജീവിത വിജയം നേടിയ വനിത, സ്ത്രീകളുടെയും കുട്ടികളുടെയും ശാക്തീകരണം, വിദ്യാഭ്യാസ മേഖലയിലും ശാസ്ത്ര-സാങ്കേതിക മേഖലകളിലും വ്യക്തി മുദ്ര പതിപ്പിച്ച വനിത എന്നീ അഞ്ചു മേഖലകൾക്ക് പുറമേ കലാരംഗം കൂടി പ്രസ്തുത പുരസ്കാരത്തിന് പരിഗണിക്കുന്നതിന് അനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2025 ലെ വനിതാരത്ന പുരസ്കാരത്തിനായി 7,50,000/- രൂപ 2235-02-103-68-03 (P) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് പരാമർശം (3) പ്രകാരം ഭരണാനുമതി നൽകുകയും പരാമർശം (4) പ്രകാരം പുരസ്കാര ജേതാക്കളെ തിരഞ്ഞെടുത്തു ഉത്തരവാകുകയും ചെയ്തിരുന്നു. എന്നാൽ 2026 ലെ നിയമസഭ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെരുമാറ്റച്ചട്ടം നിലവിലുണ്ടായിരുന്നതിനാൽ അവാർഡ് വിതരണം നടത്തുവാനും സാമ്പത്തിക

വർഷാവസാനമായതിനാൽ അവാർഡ് തുക മാറി നൽകുവാനും സാധിച്ചിരുന്നില്ല. മേൽ സാഹചര്യത്തിൽ, 2025 ലെ വനിത രത്ന പുരസ്‌കാര വിതരണത്തിനായി പ്രതീക്ഷിക്കുന്ന ചിലവ് തുകയായ 7,50,000/-(ഏഴ് ലക്ഷത്തി അൻപതിനായിരം രൂപ) രൂപ നടപ്പ് സാമ്പത്തിക വർഷത്തിലെ 2235-02-103-68-03 (P) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് ഭരണാനുമതി പുതുക്കി നൽകണമെന്ന് പരാമർശം (5) പ്രകാരം വനിത ശിശു വികസന ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വനിത രത്ന പുരസ്‌കാരം 2025 വിതരണത്തിനായി പ്രതീക്ഷിക്കുന്ന ചെലവായ ₹7,50,000/- (ഏഴ് ലക്ഷത്തി അൻപതിനായിരം രൂപ) നടപ്പ് സാമ്പത്തിക വർഷത്തിലെ **2235-02-103-68-03 (P)** ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകിയും പരാമർശം (3) പ്രകാരമുള്ള ഭരണാനുമതി അപ്രകാരം പുതുക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്, പൂജപ്പുര, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ജി &എസ്.എസ്.എ/എ&ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Digitally signed by
Hena R Raj
Date: 28-07-2026
12:24:14
സെക്ഷൻ ഓഫീസർ